2026
JANUARY
24
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# തിരുവനന്തപുരം പ്രധാന സ്റ്റാർട്ട് അപ്പ് ഹബ്ബാകും




**തിരുവനന്തപുരം:** കേരളത്തിന്റെ വികസനത്തിനായുള്ള കേന്ദ്ര ഗവൺമെന്റിന്റെ ശ്രമങ്ങൾക്ക് ഇന്ന് പുതിയ വേഗത കൈവന്നതായി പ്രധാനമന്ത്രി നരേന്ദ്രമോഡി. പുതിയ തീവണ്ടികളുടെ ഫ്ളാഗ് ഓഫും വിവിധ വികസന പദ്ധതികളുടെ തറക്കല്ലിടലും നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ റെയിൽ കണക്റ്റിവിറ്റി കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും തിരുവനന്തപുരത്തെ പ്രധാന സ്റ്റാർട്ടപ്പ് ഹബ്ബാക്കി മാറ്റുന്നതിനുള്ള സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അദ്ദേഹം എടുത്തുപറഞ്ഞു. ദരിദ്രരുടെ ക്ഷേമത്തിനായുള്ള പ്രധാന രാജ്യവ്യാപക സംരംഭത്തിന് പിഎം സ്വാനിധി ക്രെഡിറ്റ് കാർഡ് ലോഞ്ചിലൂടെ കേരളത്തിൽ നിന്ന് ആരംഭിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. ഇത് രാജ്യത്തുടനീളമുള്ള തെരുവ് കച്ചവടക്കാർക്കും വഴിയോര കച്ചവടക്കാർക്കും നടപ്പാതകളിൽ ജോലി ചെയ്യുന്നവർക്കും ഗുണകരമാകുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

കേരളത്തിലെ 10,000 ഗുണഭോക്താക്കൾക്കും തിരുവനന്തപുരത്തെ 600ലധികം ഗുണഭോക്താക്കൾക്കും ഉൾപ്പെടെ പിഎം സ്വാനിധി ക്രെഡിറ്റ് കാർഡുകൾ വിതരണം ചെയ്തതായി അദ്ദേഹം ചൂണ്ടിക്കാട്ടി. മുമ്പ് സമ്പന്നർക്ക് മാത്രമേ ക്രെഡിറ്റ് കാർഡുകൾ ലഭ്യമായിരുന്നുള്ളൂ, എന്നാൽ ഇപ്പോൾ തെരുവ് കച്ചവടക്കാർക്കും സ്വാനിധി ക്രെഡിറ്റ് കാർഡ് ഉണ്ടെന്ന് പ്രധാനമന്ത്രി നിരീക്ഷിച്ചു. വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള പരിശ്രമത്തിൽ ഇന്ന് രാജ്യം മുഴുവൻ ഒറ്റക്കെട്ടാണ്. ഈ ദൗത്യത്തിൽ നഗരങ്ങൾക്ക് നിർണായക പങ്കുണ്ടെന്നും കഴിഞ്ഞ 11 വർഷമായി കേന്ദ്ര ഗവൺമെന്റ് നഗര അടിസ്ഥാന സൗകര്യങ്ങളിൽ ഗണ്യമായ നിക്ഷേപം നടത്തിയിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം രാജ്യത്തുടനീളമുള്ള പാവപ്പെട്ടവർക്കായി 4 കോടിയിലധികം വീടുകൾ നിർമ്മിച്ചുനൽകി, കേരളത്തിൽ മാത്രം ഏകദേശം 1.25 ലക്ഷം നഗര ദരിദ്ര കുടുംബങ്ങൾക്ക് സ്വന്തമായി വീടുകൾ ലഭിച്ചതായി പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ദരിദ്ര കുടുംബങ്ങളുടെ വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനായി പിഎം സൂര്യഘർ മുഫ്ത് ബിജ്‌ലി യോജന ആരംഭിച്ചു. ആയുഷ്മാൻ ഭാരതിന് കീഴിൽ പാവപ്പെട്ട പൗരന്മാർക്ക് 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ ലഭിക്കുന്നുണ്ടെന്നും സ്ത്രീകളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കാൻ മാതൃവന്ദന യോജന പോലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കണക്റ്റിവിറ്റി, ശാസ്ത്രനൂതനാശയങ്ങൾ, ആരോഗ്യം എന്നീ മേഖലകളിൽ കേന്ദ്ര ഗവൺമെന്റ് വലിയ നിക്ഷേപം നടത്തുന്നുണ്ട്. ഇത് കേരളത്തെ ശാസ്ത്രത്തിന്റെയും നൂതനാശയത്തിന്റെയും ആരോഗ്യ സംരക്ഷണത്തിന്റെയും ഹബ്ബായി മാറ്റാൻ സഹായിക്കും. അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ളാഗ് ഓഫ് ചെയ്തതോടെ കേരളത്തിന്റെ റെയിൽ കണക്റ്റിവിറ്റി ശക്തിപ്പെട്ടതായും ഇത് യാത്രാ സൗകര്യം വർദ്ധിപ്പിക്കുകയും ടൂറിസം മേഖലയ്ക്ക് ഗുണം ചെയ്യുമെന്നും പ്രധാനമന്ത്രി പറഞ്ഞു. വികസിത ഇന്ത്യ എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ വികസിത കേരളം അനിവാര്യമാണെന്നും കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ ജനങ്ങൾക്കൊപ്പം ഉറച്ചുനിൽക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.കേരളാ ഗവർണർ രാജേന്ദ്ര ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രിമാരായ വി. സോമണ്ണ, ജോർജ് കുര്യൻ, തിരുവനന്തപുരം മേയർ വി വി രാജേഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




## എയർ ഇന്ത്യയുടെ നഷ്ടം 15,000 കോടിയിലേക്ക്

**മുംബൈ:** രാജ്യത്തെ വ്യോമയാന മേഖലയ്ക്ക് ആശങ്കയേകി എയർ ഇന്ത്യയുടെ നഷ്ടം വർധിക്കുന്നു. കമ്പനി ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന നഷ്ടം 15,000 കോടി രൂപയ്ക്കു മുകളിലാണെന്നാണു റിപ്പോർട്ട്.

അഹമ്മദാബാദ് വിമാനദുരന്തവും ഭൗമരാഷ്ട്രീയ സംഘർഷങ്ങളും ഇന്ത്യപാക് യുദ്ധത്തെത്തുടർന്ന് വ്യോമപാത അടച്ചതുമെല്ലാം എയർ ഇന്ത്യയെ വലിയ തോതിൽ ബാധിച്ചു. ടാറ്റ ഗ്രൂപ്പും സിംഗപ്പൂർ എയർലൈൻസും ചേർന്ന് എയർ ഇന്ത്യയെ ഏറ്റെടുത്തശേഷമുള്ള ഏറ്റവും വലിയ നഷ്ടക്കണക്കാകുമിത്.

ഈ സാമ്പത്തികവർഷം പ്രവർത്തനലാഭത്തിലേക്ക് എത്തുമെന്നായിരുന്നു കമ്പനിയുടെ പ്രതീക്ഷ. അപ്രതീക്ഷിത സംഭവങ്ങൾ പിടിച്ചുകുലുക്കിയതാണ് പ്രതീക്ഷകൾ തകിടം മറിക്കാനിടയാക്കിയത്.

സംഘർഷത്തെത്തുടർന്ന് പാക്കിസ്ഥാൻ വ്യോമപാത അടച്ചത് ഇന്ത്യൻ വിമാനങ്ങളുടെ യാത്രാദൂരം വർധിപ്പിച്ചു. യൂറോപ്പിലേക്കും യുഎസിലേക്കുമുള്ള യാത്രാസമയം വർധിച്ചത് ചെലവ് കുത്തനേ വർധിക്കുന്നതിനിടയാക്കി.

പുതിയ സംഭവവികാസങ്ങളുടെ പശ്ചാത്തലത്തിൽ മൂന്നാം വർഷത്തിൽ മാത്രമേ കമ്പനി ലാഭത്തിലെത്തുകയുള്ളൂവെന്നാണ് മാനേജ്മെന്റിന്റെ കണക്കുകൂട്ടൽ. ഇതുസംബന്ധിച്ച് മാനേജ്മെന്റ് സമർപ്പിച്ച അഞ്ചു വർഷ പ്ലാൻ ഡയറക്ടർ ബോർഡ് മടക്കിയിട്ടുണ്ട്. കൂടുതൽ വേഗത്തിൽ ലാഭത്തിലെത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ മാനേജ്മെന്റിന് നിർദേശം നൽകുകയും ചെയ്തു.

കഴിഞ്ഞ മൂന്നുവർഷം കൊണ്ട് എയർ ഇന്ത്യ നേരിടേണ്ടിവന്ന നഷ്ടം 32,210 കോടി രൂപയാണ്. നഷ്ടം കുമിഞ്ഞുകൂടുന്നത് ടാറ്റ ഗ്രൂപ്പിനെ മാത്രമല്ല പങ്കാളികളായ സിംഗപ്പൂർ എയർലൈൻസിനെയും ബാധിക്കുന്നുണ്ട്. സംയുക്തസംരംഭത്തിൽ 25.1 ശതമാനം ഓഹരിപങ്കാളിത്തം സിംഗപ്പൂർ എയർലൈൻസിനുണ്ട്. സിഇഒ സ്ഥാനത്ത് കാംപെൽ വിൽസനു പകരക്കാരനായുള്ള അന്വേഷണവും ഇതുവരെ ഫലം കണ്ടിട്ടില്ല.

രാജ്യത്തെ ഏറ്റവും വലിയ ആഭ്യന്തര വിമാന സർവിസ് കമ്പനിയായ ഇൻഡിഗോയുടെ ലാഭത്തിലും കനത്ത ഇടിവ്. ഡിസംബറിൽ അവസാനിച്ച സാമ്പത്തിക പാദത്തിൽ 77.5 ശതമാനത്തിന്റെ ഇടിവാണു രേഖപ്പെടുത്തിയത്. 549.8 കോടി രൂപയിലേക്ക് ലാഭം കൂപ്പുകുത്തി. കഴിഞ്ഞ സാമ്പത്തികവർഷം സമാന കാലയളവിൽ 2448.8 കോടി രൂപയുടെ ലാഭം നേടിയിരുന്നു.

നൂറുകണക്കിന് വിമാനസർവിസുകൾ റദ്ദാക്കിയതും പുതിയ തൊഴിൽ നിയമം നടപ്പാക്കിയതുമാണ് ലാഭം കുറയാൻ കാരണമെന്ന് ഇൻഡിഗോയുടെ മാതൃകമ്പനിയായ ഇന്റർഗ്ലോബ് എവിയേഷൻ അറിയിച്ചു. 1,546.5 കോടി രൂപയുടെ ഈ അസാധാരണ ചെലവുകൾ ഇല്ലായിരുന്നെങ്കിൽ അറ്റാദായം 2,096.3 കോടി രൂപയാകുമായിരുന്നെന്നും കമ്പനി അറിയിച്ചു. അതേസമയം ഈ സാമ്പത്തികവർഷം ലാഭം പ്രതീക്ഷിച്ചതിലും ഉയരുമെന്നും കമ്പനി പ്രതീക്ഷിക്കുന്നു.






സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇന്നത്തെ പരിപാടി

## കൊച്ചി

- **എറണാകുളം ബോൾഗാട്ട് പാലസ് :** അക്വാമീറ്റ് സംസ്ഥാന തല ഉദ്ഘാടനം മന്ത്രി സജി ചെറിയാൻ - രാവിലെ 9.30ന്.
- **എറണാകുളം ഫൈൻ ആർട്സ് ഹാൾ :** എം.ടി - മലയാളത്തിന്റെ രണ്ടക്ഷരം നാടകം - വൈകിട്ട് 7ന്.
- **എറണാകുളം ശിവക്ഷേത്രം :** തിരുവുത്സവത്തിനോടനുബന്ധിച്ച് ശീവേലിമേളം വൈകിട്ട് 05 ന്
- **സെന്റ് തോമസ് മൗണ്ട് :** പ്രതിഷേധ സദസ്സ് - വൈകിട്ട് 4ന്.
- **ഐഎംഎ ഹൗസ്സ് :** ഇന്ത്യൻ അസോസിയേഷൻ ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷന്റെ വാർഷിക സമ്മേളനത്തിന്റെ ഭാഗമായി സൗജന്യ മെഡിക്കൽ ക്യാംമ്പ് ഉച്ചയ്ക്ക് 2 മണിമുതൽ
- **മറൈൻ ഡ്രൈവ് താജ് വിവാന്ത :** ദേശിയ വിദ്യാഭ്യാസ കോൺഫറൻസ് - രാവിലെ 9ന്.
- **കല്ലൂർ ജവാഹർലാൽ നെഹ്റു സ്റ്റേഡിയം :** വനിത ഉത്സവ് - രാവിലെ 11 നു മുതൽ രാത്രി 9 വരെ.
- **ലുലുമാൾ ഗ്രൗണ്ട് ഫ്ളോർ :** മലയാള മനോരമ വൊയേജർ ട്രവൽ എക്സ്പോ - രാവിലെ 11നു മുതൽ.

## കുണ്ടന്നൂർ

- **കുണ്ടന്നൂർ മഹാദേവ ക്ഷേത്രം :** ഗുരുദേവ പ്രതിഷ്ഠാദിനവും ഉത്സവവും - വൈകിട്ട് 6.30 മുതൽ.

## തേവയ്ക്കൽ

- **ശ്രീമുക്കോട്ടിൽ ക്ഷേത്രം :** മകരഭരണി ഉത്സവം - വൈകിട്ട് 6.30ന്.

## തൃപ്പൂണിത്തുറ

- **തൃപ്പൂണിത്തുറ പാലസ് ഗ്രൗണ്ട് :** കണ്ണൂർ ഗവ. എൻജിനീയറിങ് കോളേജ് അലുമിനി അസോസിയേഷൻ സംഘടിപ്പിക്കുന്ന പ്രഥമ അലുമിനി ക്രിക്കറ്റ് ഡേ ആൻഡ് നൈറ്റ് ടൂർണമെന്റ് - റീപ്ലേ 2026 - രാവിലെ 9.45 മുതൽ.
- **നടമേൽ സെന്റ് മേരീസ് യാക്കോബായ സുറിയാനി റോയൽ മെട്രോപോളിറ്റൻ പള്ളി :** ഓർമപ്പെരുന്നാൽ - വൈകിട്ട് 6ന്.

## അങ്കമാലി

- **അട്ടാറ വിശുദ്ധ അൽഫോൻസ പള്ളി :** വിശുദ്ധ അൽഫോൻസാമ്മയുടെയും വിശുദ്ധ സെബാസ്റ്റ്യനോസിന്റെയും തിരുന്നാൾ - വൈകിട്ട് 4ന്.
- **വടക്കേ കിടങ്ങൂർ സെന്റ് സെബാസ്റ്റ്യൻ പള്ളി :** വിശുദ്ധ സെബാസ്റ്റ്യനോസിന്റെ തിരുന്നാൾ - വൈകിട്ട് 3.30ന്.
- **കൈപ്പൂർ പള്ളി :** പരിശുദ്ധ വ്യകുലമാതാവിന്റെയും വിശുദ്ധ സെബാസ്റ്റ്യനോസിന്റെയും തിരുന്നാൾ - വൈകിട്ട് 5ന്.

## വൈപ്പിൻ

- **ഞാറക്കൽ സെന്റ് മേരീസ് പള്ളി :** വിശുദ്ധ സെബാസ്റ്റ്യനോസിന്റെ തിരുന്നാൾ - വൈകിട്ട് 4.30ന്.

## ചെറായി

- കുഴുപ്പിള്ളി സെന്റ് അഗസ്റ്റിൻ പള്ളി : വിശുദ്ധ സെബാസ്റ്റ്യാനോസിന്റെ തിരുന്നാൾ - വൈകിട്ട് 4.30ന്.

## കടുങ്ങല്ലൂർ

- **കടുങ്ങല്ലൂർ ശ്രീപുന്നശ്ശേരിപുറ്റ് ക്ഷേത്രം :** താലപ്പൊലി ഉത്സവം - തിരുവാതിരകളി - രാത്രി 9ന്.

# ഹൈസ്കൂൾ ഹിന്ദി ടീച്ചർ : അഭിമുഖം

**കൊച്ചി:** എറണാകുളം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ഹിന്ദി ടീച്ചർ (ഡയറക്റ്റ് റിക്രൂട്ട്മെന്റ്) (കാറ്റഗറി നം-.604/2024) തിരഞ്ഞെടുപ്പിനായുള്ള അഭിമുഖം ജനുവരി 28, 29, 30 തിയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം മേഖലാ ഓഫീസിൽ നടത്തുന്നതാണ്. രാവിലെ 09.30 ന് നിശ്ചയിച്ചിട്ടുള്ള അഭിമുഖത്തിന് മുന്നോടിയായുള്ള വെരിഫിക്കേഷന് അതത് ദിവസം രാവിലെ 07.30 നും, ഉച്ചയ്ക്ക് 12.00ന് നിശ്ചയിച്ചിട്ടുള്ള അഭിമുഖത്തിന് മുന്നോടിയായുള്ള വെരിഫിക്കേഷൻ അതത് ദിവസം രാവിലെ 09.30 നും നടക്കും. അസ്സൽ പ്രമാണങ്ങൾ, ഒ.ടി.വി സർട്ടിഫിക്കറ്റ്, അഡ്മിഷൻ ടിക്കറ്റ്, ബയോഡാറ്റ എന്നിവ സഹിതം ഉദ്യോഗാർത്ഥികൾ കൃത്യസമയത്ത് ബന്ധപ്പെട്ട ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

# കാർഗോ ബിസിനസ് സമ്മിറ്റ് ജനുവരി 31, ഫെബ്രുവരി ഒന്ന് തീയതികളിൽ

**കൊച്ചി:** കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് ഫിക്കിയുമായി സഹകരിച്ച് രാജ്യാന്തര കാർഗോ ബിസിനസ് സമ്മിറ്റ് സംഘടിപ്പിക്കുന്നു. ജനുവരി 31, ഫെബ്രുവരി ഒന്ന് തീയതികളിൽ സിയാൽ കൺവൻഷൻ സെന്ററിൽ നടക്കുന്ന സമ്മിറ്റിൽ വാണിജ്യ കൂടിക്കാഴ്ചകൾ, എക്സിബിഷൻ, പാനൽ ചർച്ചകൾ എന്നിവ നടക്കും. സിയാലിനെ ആഗോള എയർ കാർഗോ ഹബ്ബാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് സമ്മിറ്റ് സംഘടിപ്പിക്കുന്നത്. 31 ന് രാവിലെ ഒൻപതരയ്ക്ക് വിഷയാവതരണത്തോടെ സമ്മിറ്റിനു തുടക്കമാകും. പത്ത് മണിക്ക് നടക്കുന്ന പാനൽ ചർച്ചയിൽ ടാറിഫ് ആൻഡ് ട്രേഡ് എഗ്രിമെൻറ്, റീഡിഫൈനിംഗ് ഗ്ലോബൽ ട്രേഡ് എന്ന വിഷയത്തിൽ ചർച്ച നടക്കും. 11 മണിക്ക് റോൾ ഓഫ് എയർ കാർഗോ ഇൻ ഡ്രൈവിംഗ് ഇന്ത്യാസ് ട്രേഡ് എന്ന വിഷയത്തിലും 12 മണിക്ക് മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ഓപ്പറേഷൻസ് എന്ന വിഷയത്തിലും പാനൽ ചർച്ചകൾ നടക്കും.

ഉച്ചയ്ക്ക് ശേഷം രണ്ട് മണിക്ക് റെഗുലേറ്ററി കംപ്ലയൻസ് ആൻഡ് ട്രേഡ് ഫെസിലിറ്റേഷൻ ഫോർ ഫാസ്റ്റർ കാർഗോ ഡെലിവറി എന്ന വിഷയത്തിലും മൂന്നിന് റീഡിഫൈനിംഗ് ദി റോൾ ഓഫ് ഇ കൊമേഴ്സ് പ്ലെയേഴ്സ് ആൻഡ് കൊറിയർ ഫ്രീറ്റ് ഏജൻസീസ് എന്ന വിഷയത്തിൽ പാനൽ ചർച്ച നടക്കും. ഫെബ്രുവരി 1ന് രാവിലെ 11.30 ന് നടക്കുന്ന പ്ലീനറി സെഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സിയാൽ എം ഡി എസ്. സുഹാസ്, വ്യവസായ മന്ത്രി പി രാജീവ് എന്നിവർ പങ്കെടുക്കും. കാർഗോ രംഗത്തെ മികച്ച കമ്പനികളെ ചടങ്ങിൽ പുരസ്കാരം നൽകി ആദരിക്കും. എയർലൈൻസ്, ഫ്രെയ്റ്റ് ഫോർവേഡേഴ്സ്, കസ്റ്റംസ് ബ്രോക്കേഴ്സ്, കയറ്റുമതി / ഇറക്കുമതി, കാർഗോ ഓട്ടമേഷൻ സപ്ലെയർമാർ, ലോജിസ്റ്റിക്സ് സ്കിൽ ഡെവലപ്മെന്റ് സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ നിന്നുള്ള 54 എക്സിബിഷൻ സ്റ്റാളുകളുമുണ്ടാകും.

ബിസിനസ് സമ്മിറ്റിൽ പങ്കെടുക്കുന്നതിനായി മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. ചരക്ക് നീക്കത്തിന് മൾട്ടിമോഡൽ കണക്റ്റിവിറ്റിയായി മാറുക എന്നതാണ് സിയാൽ ലക്ഷ്യമിടുന്നതെന്ന് സിയാൽ ജനറൽ മാനേജരും കാർഗോ വിഭാഗം മേധാവിയുമായ സതീഷ് കുമാർ പൈ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇ-കൊമേഴ്സ് ബിസിനസ് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് സിയാൽ നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇ-കൊമേഴ്സിനായി ഇന്ത്യയിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള ഒൻപത് എയർപോർട്ടുകളിൽ ഒന്നാണ് സിയാലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കാർഗോ ഹബ് ആക്കി സിയാലിനെ മാറ്റുക എന്നതാണ് ലക്ഷ്യമെന്ന് സിയാൽ കോർപ്പറേറ്റ് കമ്യൂണിക്കേഷൻസ് മേധാവി പി എസ് ജയൻ പറഞ്ഞു.

ഫാർമസ്യൂട്ടിക്കൽ കയറ്റുമതിക്കായി ഫാർമ ലൈസൻസ് നേടാനുള്ള ശ്രമങ്ങൾ നടത്തിവരികയാണെന്നും സതീഷ് കുമാർ പറഞ്ഞു. ഗ്രാമങ്ങളിൽ നിന്നുള്ള കർഷകരെ സഹായിക്കുന്നതിനായി ഇന്ത്യ പോസ്റ്റുമായി ചേർന്ന് പദ്ധതി തയാറാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇതോടെ ചെറുകിട കർഷകർക്ക് ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യനാകും. കയറ്റുമതി പ്രോത്സാഹനത്തിനായി ഇൻകുബേഷൻ കേന്ദ്രം ആരംഭിക്കാനും ലക്ഷ്യമിട്ടിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. കാർഗോ മേഖലയിൽ മികച്ച പ്രകടനം കാഴ്ച വച്ചിട്ടുള്ള കമ്പനികൾക്ക് എക്സലൻസ് പുരസ്കാരം കാർഗോ സമ്മിറ്റ് വേദിയിൽ സമ്മാനിക്കുമെന്ന് വാർത്താസമ്മേളനത്തിൽ പങ്കെടുത്ത ഫിക്കി കേരള മേധാവി സാവിയോ മാത്യു പറഞ്ഞു.




# സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന് തപാൽ വകുപ്പിന്റെ ആദരം

**കൊച്ചി:** ശതാബ്ദി ആഘോഷിക്കുന്ന എറണാകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിനു തപാൽ വകുപ്പിന്റെ ആദരം. ശതാബ്ദിസ്മാരകമായി പ്രത്യേക തപാൽ കവറും സ്റ്റാമ്പും പുറത്തിറക്കി. ടൗൺ ഹാളിൽ കേരള ഫിലാറ്റലിക് പ്രദർശനവേദിയിൽ നടന്ന ചടങ്ങിൽ കത്തീഡ്രലിന്റെ രേഖാചിത്രവും പ്രത്യേക സ്റ്റാമ്പു മുള്ള കവറിൽ ഇതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത സ്മരണിക സീൽ പതിപ്പിച്ചു. ഡയറക്ടർ ഓഫ് പോസ്റ്റൽ സർവീസസ് എൻ.ആർ ഗിരി, കൊച്ചി ഭദ്രാസന മെത്രപ്പോലിത്ത ഡോ യാക്കുബ് മാർ ഐറെനിയസിന് കവർ അടങ്ങിയ ആൽബം കൈമാറി പ്രകാശനം നിർവഹിച്ചു.

ഒരു സ്ഥാപനത്തിന്റെ പ്രധാന ചരിത്ര മുഹൂർത്തങ്ങൾ അടയാളപ്പെടുത്താനും ഓർമ പൈതൃകമായി നില നിർത്താനുമാണ് തപാൽ വകുപ്പ് പ്രത്യേക കവറും മുദ്രയും ഇറക്കുന്നത്. തപാൽ വകുപ്പ് നൽകിയ അംഗീകാരത്തിനു നന്ദി പറഞ്ഞ മെത്രപ്പോലിത്ത രാജ്യങ്ങളെയും ഹൃദയങ്ങളെയും ബന്ധിപ്പിക്കുന്ന മഹാ സേവനമാണ് തപാൽ വകുപ്പ് നിർവഹിക്കുന്നതെന്നു പറഞ്ഞു. അസിസ്റ്റന്റ് വികാരി ഫാ. റാൻസ് തോമസ് ചാക്കോ, അസിസ്റ്റന്റ് പോസ്റ്റ് മാസ്റ്റർജനറൽ എസ് സ്വാതി രത്ന, പി എസ് സതിമോൾ, ബിന്ദു വർമ എന്നിവർ പങ്കെടുത്തു.

# കേരളത്തിന്റെ അഭിമാന പ്രതീകം; റിപ്പബ്ലിക് ദിന പരേഡിൽ കൊച്ചി വാട്ടർ മെട്രോ

**കൊച്ചി:** 73ാമത് റിപ്പബ്ലിക് ദിന പരേഡിൽ ആവേശ തിരമാലകൾ തീർക്കാൻ കൊച്ചിയുടെ സ്വന്തം വാട്ടർ മെട്രോ. ജനുവരി 26 ന് കർത്തവ്യപഥിൽ ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകവും സൈനിക ശക്തിയും സാങ്കേതിക പുരോഗതിയും ലോകത്തിനു മുമ്പിൽ അവതരിപ്പിക്കപ്പെടുമ്പോൾ കേരളത്തിന്റെ അഭിമാന പ്രതീകമായി വാട്ടർ മെട്രോയും ഇടം നേടും.



കേരളത്തിന്റെ നിശ്ചലദൃശ്യത്തിലെ ട്രെയ്‌ലർ യൂണിറ്റിലാണ് ടെർമിനലോടുകൂടിയ പൂർണ്ണ വലുപ്പത്തിലുള്ള വാട്ടർ മെട്രോ ബോട്ട് പുന:സൃഷ്ടിച്ചിരിക്കുന്നത്.കായലിനോട് ചേർന്നുകിടക്കുന്ന പത്ത് ദ്വീപുകളിലെ ജനങ്ങൾക്ക് സുഗമമായ യാത്രയൊരുക്കുന്ന ഈ പദ്ധതി, പരിസ്ഥിതി സൗഹൃദ ഗതാഗതത്തിന്റെ മാതൃകയായാണ് അവതരിപ്പിച്ചിട്ടുള്ളത്. വാട്ടർ മെട്രോയ്ക്ക് പുറമെ, സമൂഹത്തിന്റെ നാനാതുറകളിലുള്ള യാത്രക്കാരെയും, കേരളത്തിന്റെ ശുചിത്വ പരിപാലനത്തിൽ കരുത്തായി നിലകൊള്ളുന്ന 'ഹരിതകർമ്മ സേനയെയും' ഈ യൂണിറ്റിൽ ആവിഷ്കരിച്ചിട്ടുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കൊച്ചി കടലിനടിയിലേക്ക്; ശാസ്ത്രീയ പഠനങ്ങളും പ്രതിരോധ സംവിധാനങ്ങളും അനിവാര്യം



**കൊച്ചി:** കൊച്ചി കടലിനടിയിലാകാനുള്ള സാധ്യതയുണ്ടെന്ന ഇന്നത്തെ വിലയിരുത്തലുകൾ പേടിപ്പെടുത്തുന്നതാണെന്നും ഇതിനെപ്പറ്റി ശാസ്ത്രീയ പഠനങ്ങളും പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തലും ആവശ്യമാണെന്നും എഴുത്തുകാരനും ചരിത്രാന്വേഷിയുമായ ബോണി തോമസ് അഭിപ്രായപെട്ടു. കൊച്ചിമുസിരിസ് ബിനാലെയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ദി സോയിൽ അസംബ്ലി സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്നത്തെ കൊടുങ്ങല്ലൂർ പ്രദേശത്ത് ഉണ്ടായിരുന്ന മുസിരിസ് തുറമുഖ പട്ടണം 1341ൽ പെരിയാറിലെ പ്രളയത്തിൽ നശിച്ചുവെന്ന് ചരിത്രകാരൻമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മുസിരിസ് തകർന്നപ്പോൾ കൊച്ചി പുതിയ തുറമുഖമായി രൂപപ്പെട്ടു. കൊച്ചിയുടെ സമീപത്തെ ദ്വീപുകളിലും വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള പൈതൃകഥകളുണ്ട്. പല പ്രളയങ്ങളും സുനാമിയും പ്രകൃതിയെയും മണ്ണിനെയും ബാധിച്ചു. ഒരു പതിറ്റാണ്ട് മുമ്പ് വരെ ആയിരക്കണക്കിനു പേർ പുതുവർഷത്തിൽ പപ്പാഞ്ഞിയെ കത്തിക്കൽ ആഘോഷത്തിൽ പങ്കെടുത്ത വിശാലമായ ഫോർട്ട്കൊച്ചി കടപ്പുറം ഇന്ന് ചെറിയ മൺതിട്ടയാണ്. കഴിഞ്ഞ ഒരു പതിറ്റാണ്ടിൽ മാത്രം കൊച്ചിയിലെ കിലോമീറ്ററുകളോളം ഭൂമി കടലിൽ നഷ്ടമായിട്ടുണ്ട്.

വൃശ്ചിക വേലി എന്ന പ്രതിഭാസം ഓരോ വർഷവും കൊച്ചി തുറമുഖത്തിനു സമീപത്തെ ചില ദ്വീപുകളിൽ വെള്ളപ്പൊക്കം സൃഷ്ടിക്കുന്നു. വർഷംതോറും വൃശ്ചിക വേലിയുടെ ആഘാതം കൂടി വരികയാണ്. വൃശ്ചികവേലി സമയത്ത് കൊച്ചി നഗരത്തിലെ ചില തോടുകൾ നിറഞ്ഞു കവിഞ്ഞ് റോഡുകളിൽ വെള്ളക്കെട്ടുണ്ടാകുന്നുണ്ട്. ഇവയെല്ലാം അപകടകരമായ സൂചനകളായി കണ്ട് ഭൗമ സംരക്ഷണത്തിന് നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് ബോണി തോമസ് അഭിപ്രായപ്പെട്ടു.

ലോകമെമ്പാടുമുള്ള കലാകാരന്മാരെയും ഗവേഷകരെയും ഒരുമിച്ച് അണിനിരത്തി കലയും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനോടൊപ്പം അതുവഴി സമൂഹത്തിൽ മാറ്റം വരുത്തുകയുമാണ് ദി സോയിൽ അസംബ്ലി സമ്മേളനത്തിന്റെ ലക്ഷ്യം. ക്യൂറേറ്റർ പ്രശസ്ത പരിസ്ഥിതി പ്രവർത്തകയും കലാകാരിയുമായ മീന വാരിയാണ് ഇതിന്റെ ക്യൂറേറ്റർ.




# ഹൈക്കോർട്ട് വാട്ടർ മെട്രോ ടെർമിനൽ: അശ്വമേധം ബോധവത്കരണ പരിപാടി നടത്തി

**കൊച്ചി:** അശ്വമേധം 7.0 കുഷ്ഠരോഗ നിർണയ ഭവന സന്ദർശന പരിപാടിയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) കൊച്ചി വാട്ടർ മെട്രോ ഹൈക്കോർട്ട് ടെർമിനലിൽ നടത്തിയ ബോധവൽക്കരണ പരിപാടി ശ്രദ്ധേയമായി.

സെന്റ് തെരേസാസ് കോളേജ് എറണാകുളം എൻഎസ്എസ് യൂണിറ്റിലെ വിദ്യാർത്ഥിനികളും പരിപാടിയിൽ പങ്കാളികളായി. വിനോദ് നരനാട്ട് നടത്തിയ കിറ്റി ഷോ ആരോഗ്യ സന്ദേശങ്ങൾ ആ സ്വാദ്യകരമായ രീതിയിൽ ജനങ്ങളിലേക്ക് എത്തിക്കുവാൻ സാധിച്ചു. നിരവധി സ്കൂൾ കുട്ടികൾ ഉൾപ്പെടെ പൊതുജനങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ പ്രദർശനം, സ്പോട്ട് ക്വിസ് , കിറ്റി ഷോ എന്നിവ പരിപാടിയുടെ ഭാഗമായി നടത്തി.

എഡ്യൂക്കേഷൻ മീഡിയ ഓഫീസർമാരായ രജനി ജി, ജോബി കെ പി എന്നിവർ പങ്കെടുത്തു. ആരോഗ്യ വകുപ്പും , കൊച്ചി മെട്രായും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

# ‘റിപ്പിൾസ് ഓഫ് ലൈഫ് ’ : കെ.വി.വി.ഇ.എസ് യൂത്ത് വിങും കൈകോർക്കുന്നു

**കൊച്ചി :** മരണാനന്തര അവയവദാനത്തെക്കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനും മരണാനന്തരം അവയവം ദാനം ചെയ്യുവാൻ ആഗ്രഹിക്കുന്നവരുടെ രജിസ്ട്രേഷൻ നടപടികളുടെ പ്രചരണാർത്ഥവും റോട്ടറി കൊച്ചിൻ ഡൗൺടൗൺ, ഐ.എം.എ കൊച്ചി എന്നിവരുടെ നേതൃത്വത്തിൽ ജനുവരി 31 ന് കൊച്ചിയിൽ സംഘടിപ്പിക്കുന്ന ‘റിപ്പിൾസ് ഓഫ് ലൈഫ്’ ബോധവൽക്കരണ പരിപാടിയുമായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിങ് എറണാകുളം ജില്ലാ കമ്മിറ്റി കൈകോർക്കുന്നു.

ഇതിന്റെ ഭാഗമായി യൂത്ത് വിംഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റും ജില്ലാ പ്രസിഡന്റുമായ പ്രദീപ് ജോസിന്റെ നേതൃത്വത്തിൽ ജനുവരി 28 ന് കൊച്ചി നഗരത്തിൽ യൂത്ത് വിംഗ് പ്രവർത്തകർ അണിനിരക്കുന്ന അവയവദാന ബോധവൽക്കരണ വാഹനറാലി നടത്തും. അവയവദാനത്തിന്റെ സന്ദേശം പകർന്നുകൊണ്ട് തമ്മനം പുതിയ റോഡിലെ ജില്ലാ വ്യാപാര ഭവനിൽ നിന്നും വൈകുന്നേരം നാലിന് ആരംഭിക്കുന്ന ബൈക്ക് റാലി കേരള വ്യാപാര വ്യവസായ ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റും ജില്ലാ പ്രസിഡന്റുമായ പി.സി ജേക്കബ്ബ് ഫ്ളഗ് ഓഫ് ചെയ്യും. തുടർന്ന് പാലാരിവട്ടം, കലൂർ, ജംഗ്ഷനുകളിലൂടെ കടന്ന് കലൂർകതൃക്കടവ് റോഡ് വഴി കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തിൽ എത്തുന്ന റാലിയ്ക്ക് ‘റിപ്പിൾസ് ഓഫ് ലൈഫ് ’ സംഘാടക സമിതി ഭാരവാഹികൾ സ്വീകരണം നൽകും.

റോട്ടറി ഡിസ്ട്രിക്ട് 3205, റോട്ടറി കൊച്ചിൻ ഡൗൺടൗൺ, എം.ജി യൂണിവേഴ്സിറ്റി നാഷണൽ സർവ്വീസ് സ്കീം യൂണിറ്റ്, ലിവർ ഫൗണ്ടേഷൻ ഓഫ് കേരള, കടവന്ത്ര റീജ്യണൽ സ്പോർട്സ് സെന്റർ, കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെസോട്ടോ) എന്നിവരുടെ സഹകരണത്തോടെ എറണാകുളം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലാണ് ‘റിപ്പിൾസ് ഓഫ് ലൈഫ്’ പ്രോഗ്രാം സംഘടിപ്പിക്കുന്നത്. ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ വിവധ കോളജുകളിൽ നിന്നായി രണ്ടായിരത്തിൽ പരം വിദ്യർത്ഥികളും പങ്കെടുക്കും.



## കലൂർ ശ്രീരാമകൃഷ്ണ സേവാശ്രമം വാർഷികം ആഘോഷിച്ചു

**കൊച്ചി:** കലൂർ ശ്രീരാമകൃഷ്ണ സേവാശ്രമത്തിന്റെ 43 മത് വാർഷികാഘോഷം മാതാ അമൃതാനന്ദമയി മഠം സെക്രട്ടറി ജനറൽ സ്വാമി പൂർണ്ണാമൃതാനന്ദപുരി ഉദ്ഘാടനം ചെയ്തു. സന്തോഷം പുറത്ത് നിന്ന് കിട്ടുന്ന ഒന്നല്ല മറിച്ച് അകത്ത് വളർത്തേണ്ട ഒരു മനോഭാവമാണെന്ന് സ്വാമി പൂർണ്ണാമൃതാനന്ദപുരി പറഞ്ഞു. കൂടുതൽ നേടുമ്പോൾ അല്ല, കൃതജ്ഞതയോടെ ജീവിക്കുമ്പോഴാണ് സന്തോഷം പൂർണ്ണമാകുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു മാനേജിങ് ട്രസ്റ്റി സി.എസ് മുരളീധരൻ അധ്യക്ഷത വഹിച്ചു. സാമൂഹിക സേവനത്തിനുള്ള ‘ശ്രീരാമകൃഷ്ണ പുരസ്കാരം 2025’ കടുങ്ങല്ലൂർ സേവാഭാരതി ജനസേവ കേന്ദ്രത്തിന് വേണ്ടി പ്രസിഡന്റ് എസ്സ്. കലാധരൻ നായർ ഏറ്റുവാങ്ങി. ആശ്രമത്തിലെ യോഗാ വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികൾ, കുമാരി അദിതി പ്രാൺ രാജ് അവതരിപ്പിച്ച ഭട്ടാസ്യ നൃത്തം, അബികാ കർത്താ അവതരിപ്പിച്ച നൃത്തപരിപാടികളും അരങ്ങേറി. കലൂർ ശ്രീരാമകൃഷ്ണ സേവാശ്രമത്തിൽ എത്തിച്ചേർന്ന സ്വാമിപൂർണ്ണാമൃതാനന്ദപുരിയെ ഭാരവാഹികളായ പി. കുട്ടികൃഷ്ണൻ, സി.ജി. രാജഗോപാൽ, വൈലോപ്പിള്ളി രാജീവ്, ഹണി എസ് ഗോപി എന്നിവരുടെ നേതൃത്വത്തിൽ പഞ്ച ഫലമൂലാധികൾ സമർപ്പിച്ച് സ്വീകരിച്ചു.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** തീവ്ര വോട്ടർ പട്ടിക പരിഷ്കരണ നടപടികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ലയിലെ വിവിധ ഓഫീസുകളിലേക്ക് ലാപ്ടോപ്പുകൾ മാസ വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജനുവരി 26 വൈകീട്ട് അഞ്ചിനകം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ കൂടിയായ ജില്ലാ കളക്ടറുടെ ഓഫീസിൽ ലഭിക്കണം.

## എറണാകുളം ജില്ലയിൽ 26 പുതിയ റേഷൻ കടകൾ; അപേക്ഷ ക്ഷണിച്ചു

**കൊച്ചി;** എറണാകുളം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ഒഴിവുള്ള 26 റേഷൻ കടകളിലേക്ക് പുതിയ ലൈസൻസികളെ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. പൊതുവിഭാഗത്തിൽപ്പെട്ടവർക്കാണ് അപേക്ഷിക്കാൻ അവസരം. കണയന്നൂർ(13),ആലുവ (3), കൊച്ചി താലൂക്ക് (2), കോതമംഗലം (1), സിറ്റി റേഷനിംഗ് ഓഫീസ് എറണാകുളം (3), സിറ്റി റേഷനിംഗ് ഓഫീസ് കൊച്ചി (4) എന്നിങ്ങനെയാണ് ഒഴിവുകൾ. താൽപ്പര്യമുള്ളവർ ഫെബ്രുവരി 23 ന് ഉച്ചയ്ക്ക് 3 ന് മുൻപായി ജില്ലാ സപ്ലൈ ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോമുകൾ ജില്ലാ സപ്ലൈ ഓഫീസിൽ നിന്നും സിറ്റി റേഷനിംഗ് ഓഫീസുകളിൽ നിന്നും സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ civilsupplieskerala.gov.in-ൽ നിന്നും ലഭ്യമാണ്.

## കണക്ട് ടു വർക്ക്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** മുഖ്യമന്ത്രിയുടെ ‘കണക്ട് ടു വർക്ക്’ പദ്ധതിയുടെ ഭാഗമായി നൈപുണ്യ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കും പ്രതിമാസം 1000 രൂപ ധനസഹായം നൽകുന്നു. 18നും 30നും ഇടയിൽ പ്രായമുള്ള യുവതി യുവാക്കൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതിയിലേക്ക് അർഹരായവർക്ക് eemployment.kerala.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഫോൺ : 0484-2422458.

## റിപബ്ലിക്ക് ദിനം: ഇന്ത്യ@ 77 ക്വിസ് ചലഞ്ച്

**കൊച്ചി:** ഇന്ത്യയുടെ 77മത് റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് ഭരണഘടനയുടെ മൂല്യങ്ങൾ യുവാക്കളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഐഎഎസ് അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യ@ 77 ക്വിസ് ചലഞ്ച് എന്ന പേരിൽ ഓൺലൈൻ ക്വിസ് സംഘടിപ്പിക്കുന്നു. ഡിഗ്രി തലത്തിലുള്ളവർക്ക് പങ്കെടുക്കാം. വിജയികൾക്ക് യു പി എസ് സി പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് പ്രയോജനപ്പെടുന്ന പുസ്തകങ്ങളും, സ്കോളർഷിപ്പും സമ്മാനമായി നൽകും.www.kile.kerala.gov.in/kileiasacademy എന്ന സൈറ്റ് മുഖേനയോ സൈറ്റിലെ ക്യൂ ആർ കോഡ് സ്കാൻ ചെയ്തോ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഫോൺ: 8075768537.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇലക്ട്രിക് വാഹന വാലറ്റ് റീചാർജ്; ഇന്ത്യയിലെ മൊബിലിറ്റി സെക്ടറിനെ ശക്തിപ്പെടുത്താൻ എൻബിബിഎൽ

**കൊച്ചി:** നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ)യുടെ പൂർണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി ആയ എൻപിസിഐ ഭാരത് ബിൽപേ ലിമിറ്റഡ് (എൻബിബിഎൽ), ഭാരത് കണക്റ്റിൽ അവരുടെ ഇവി റീചാർജ് വിഭാഗത്തിലൂടെ ഇന്ത്യയിലെ ഇലക്ട്രിക് വാഹന ഇക്കോസിസ്റ്റത്തിനായുള്ള ഡിജിറ്റൽ പേയ്മെന്റ് പരിഹാരങ്ങൾ ശക്തിപ്പെടുത്തുന്നു. ഗ്ലോബൽ ഫിൻടെക് ഫെസ്റ്റ് 2025ൽ അവതരിപ്പിച്ച പുതിയ വിഭാഗം, ഇലക്ട്രിക് വാഹന ഉടമകൾക്ക് ഭാരത് കണക്റ്റ് സജീവമായ ടച്ച്പോയിന്റുകളിലൂടെ അവരുടെ ഇവി വാലറ്റുകൾ എളുപ്പത്തിൽ റീചാർജ് ചെയ്യാൻ സാധിക്കുന്നതാണെന്ന് കമ്പനി അധികൃതർ പറഞ്ഞു. നീതി ആയോഗ് റിപ്പോർട്ട് പ്രകാരം, ഇന്ത്യയിൽ ഇലക്ട്രിക് വാഹനങ്ങളുടെ വിൽപ്പന 2016–2024 കാലയളവിൽ 50,000 മുതൽ 2.08 മില്യൺ ആയി ഉയർന്നു. 2030 ഓടെ രാജ്യത്തെ വാഹന വിപണിയുടെ 30 ശതമാനം വിൽപന ഇലക്ട്രിക്ക് വാഹനങ്ങളിലൂടെയാകണം എന്നതാണ് ഇന്ത്യയുടെ ലക്ഷ്യം.

ഇലക്ട്രിക്ക് വാഹന ഉപഭോക്താക്കൾക്ക് ചാർജിങ്ങിനായി വിവിധ പ്ലാറ്റുഫോമുകളെയും ആപ്പുകളെയും ആശ്രയിക്കേണ്ടി വരുന്നത് പലപ്പോഴും അസൗകര്യത്തിനും ബുദ്ധിമുട്ടിനും കാരണമാകുന്നു. പ്രധാന ഇവി വാലറ്റ് ദാതാക്കളെയും ചാർജിങ് നെറ്റ്‌വർക്കുകളെയും ഒരേ ഫ്രെയിമിൽ കൊണ്ടുവരുന്നതിലൂടെ എൻബിബിഎൽ ഇവി ഉപഭോക്താക്കൾക്കുള്ള സുഖപ്രദമായ പേയ്മെൻറ് ഇൻഫ്രാസ്ട്രക്ചർ ഒരുക്കുന്നു. ഭാരത് കണക്റ്റിന്റെ എപിഐഡ്രിവൻ വഴിയുള്ള പാർട്ട്ണർ ആപ്പുകൾ ഉപയോക്താക്കൾക്ക് സുസ്ഥിരമായ അനുഭവവും നൽകുന്നു. വൈദ്യുത മന്ത്രാലയത്തിന്റെ കണക്കനുസരിച്ചു, 2025 ഓഗസ്റ്റ് വരെ രാജ്യമൊട്ടാകെ 29,277 പബ്ലിക് ഇലക്ട്രിക് വാഹന ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചിരിക്കുന്നു. ഇവി വാലറ്റ് ടോപ്പ് അപ്പുകൾ ഇനി ഭാരത് കണക്റ്റ സജ്ജമായ ആപ്പുകളിലൂടെയും വെബ്സൈറ്റുകളിലൂടെയും ലഭ്യമാകുന്നതിനാൽ, ഉപയോക്താക്കൾക്ക് ടാറ്റ ഈസി ചാർജ്, സിയോൺ ചാർജിങ് പോലുള്ള സ്റ്റേഷനുകളുടെ ചാർജിങ് ബാലൻസുകൾ എളുപ്പത്തിൽ നിയന്ത്രിക്കാം. ഇടപാടുകൾ പരിചിതമായ പേയ്മെന്റ് മോഡുകൾ വഴി പൂർത്തിയാക്കാൻ കഴിയും, ഉദാഹരണത്തിന് യുഎപി, കാർഡുകൾ, നെറ്റ് ബാങ്കിംഗ്, വാലറ്റുകൾ എന്നിവ, സുതാര്യത ഉറപ്പു വരുത്തുന്നതിനായി ഉടൻ സ്ഥിരീകരണങ്ങളും ഡിജിറ്റൽ രേഖകളും ലഭ്യമാണ്.

# റിലയൻസ് ഡിജിറ്റൽ ഡിജിറ്റൽ ഇന്ത്യ സെയിൽ: ഇലക്ട്രോണിക്സ് വിപണിയിൽ ഓഫറുകൾ

**കൊച്ചി:** റിലയൻസ് ഡിജിറ്റലിന്റെ 'ഡിജിറ്റൽ ഇന്ത്യ സെയിൽ' വീണ്ടും. രാജ്യത്തെ ഏറ്റവും വലിയ ഇലക്ട്രോണിക്സ് വിൽപന മേളകളിലൊന്നായ ഡിജിറ്റൽ ഇന്ത്യ സെയിൽ ജനുവരി 22 മുതൽ ജനുവരി 26 വരെയാണ് നടക്കുന്നത്. ഏറ്റവും പുതിയ ഗാഡ്ജെറ്റുകൾ ആകർഷകമായ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് സ്വന്തമാക്കാൻ സാധിക്കുമെന്ന് റിലയൻസ് അധികൃതർ വ്യക്തമാക്കി. പ്രമുഖ ബ്രാൻഡുകളുടെ ഉൽപ്പന്നങ്ങൾക്ക് നൽകുന്ന വമ്പിച്ച വിലക്കിഴിവുകൾ, ക്യാഷ്ബാക്ക് ഓഫറുകൾ, മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവയാണ് ഈ വിൽപന മേളയുടെ പ്രധാന ആകർഷണം. രാജ്യത്തുടനീളമുള്ള എല്ലാ റിലയൻസ് ഡിജിറ്റൽ, മൈജിയോ സ്റ്റോറുകളിലും, ഓൺലൈനായി www.reliancedigital.in എന്ന വെബ്സൈറ്റിലും ഈ ഓഫറുകൾ ലഭ്യമാകും. ഡിജിറ്റൽ സെയിലിനോട് അനുബന്ധിച്ച് വിവിധ ബാങ്ക് കാർഡുകൾ ഉപയോഗിച്ച് പർച്ചേസ് ചെയ്യുമ്പോൾ 26,000 രൂപ വരെ തൽക്ഷണ ഡിസ്കൗണ്ട് നേടാം, കൺസ്യൂമർ ഡ്യൂറബിൾ ലോണുകൾ വഴി ഉൽപ്പന്നങ്ങൾ വാങ്ങുന്നവർക്ക് 30,000 വരെ ക്യാഷ്ബാക്ക് ലഭിക്കുന്ന ഓഫറുമുണ്ട്. യുപിഐ വഴി പണമടയ്ക്കുന്നവർക്ക് 5% പരിധിയില്ലാത്ത ഡിസ്കൗണ്ട് ലഭ്യമാണ്. ഉൽപ്പന്നങ്ങൾക്ക് ലഭിക്കുന്ന പ്രത്യേക വിലക്കിഴിവുകൾക്ക് പുറമെയാണ് ഈ സാമ്പത്തിക ആനുകൂല്യങ്ങൾ എന്നത് ഉപഭോക്താക്കൾക്ക് ഇരട്ടി ലാഭം നൽകുന്നുവെന്നും റിലയൻസ് അധികൃതർ വ്യക്തമാക്കി. ആപ്പിൾ ഉൽപ്പന്നങ്ങൾക്ക് അവിശ്വസനീയമായ ഓഫറുകളാണ് ഡിജിറ്റൽ ഇന്ത്യ സെയിലിൽ ഒരുക്കിയിരിക്കുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



# ഗിന്നസ് വേൾഡ് റെക്കോർഡിൽ ഇടം നേടി അരുൺ ഐസ്ക്രീംസ്

**ചെന്നൈ:** ഐസ്ക്രീം കഴിക്കുന്നവരുടെ ലോകത്തിലെ ഏറ്റവും നീളമേറിയ മനുഷ്യച്ചങ്ങല തീർത്ത് അരുൺ ഐസ്ക്രീംസ് ഗിന്നസ് വേൾഡ് റെക്കോർഡിൽ ഇടംപിടിച്ചു. ചെന്നൈയിൽ നടന്ന പരിപാടിയിൽ 4,008 കുട്ടികളാണ് അണിനിരന്നത്. പങ്കെടുക്കുന്നവർ കൈകോർത്ത് പിടിച്ച് വലതുവശത്തുള്ള ആൾക്ക് ഐസ്ക്രീം നൽകിക്കൊണ്ട് ഒരു മിനിറ്റ് തുടർച്ചയായി ഐസ്ക്രീം കഴിച്ചാണ് ഈ നേട്ടം കൈവരിച്ചത്. 15 വർഷം മുമ്പ് 2,500 വിദ്യാർത്ഥികൾ സ്ഥാപിച്ച റെക്കോർഡാണ് ഇതോടെ തിരുത്തപ്പെട്ടത്.

യുകെയിൽ നിന്നുള്ള റിച്ചാർഡ് വില്യം സ്റ്റെന്നിംഗ്, പൂനെയിൽ നിന്നുള്ള മിലിന്ദ് വെർലേക്കർ എന്നിവരടങ്ങുന്ന ഗിന്നസ് വേൾഡ് റെക്കോർഡ് സംഘം ഈ നേട്ടം ഔദ്യോഗികമായി അംഗീകരിച്ചു. ഹാറ്റ്സൺ അഗ്രോ പ്രോഡക്റ്റ് ലിമിറ്റഡ് വൈസ് ചെയർമാൻ സി. സത്യൻ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി. ചെന്നൈയിലെ പ്രമുഖ വിദ്യാലയങ്ങളിലെ കുട്ടികളാണ് ഈ ചരിത്രപരമായ റെക്കോർഡ് സൃഷ്ടിക്കുന്നതിൽ പങ്കാളികളായത്.

## ആംവേ ഇന്ത്യ ന്യൂട്രിലൈറ്റ് ബയോട്ടിൻ സി പ്ലസ് പുറത്തിറക്കി



**കൊച്ചി:** ആംവേ ഇന്ത്യ സിങ്കും ബീറ്റാ കരോട്ടിനും അടങ്ങിയ ന്യൂട്രാസ്യൂട്ടിക്കൽ ആയ ന്യൂട്രിലൈറ്റ് ബയോട്ടിൻ സി പ്ലസ് പുറത്തിറക്കി. ആരോഗ്യമുള്ള മുടി, ചർമ്മം, നഖങ്ങൾ എന്നിവയെ പരിപോഷിപ്പിക്കുന്ന ചേരുവകൾ അടങ്ങിയ ന്യൂട്രിലൈറ്റ് ബയോട്ടിൻ സി പ്ലസ്. ശാസ്ത്രീയമായി രൂപപ്പെടുത്തിയ ഒരു ന്യൂട്രാസ്യൂട്ടിക്കൽ ആണെന്ന് കമ്പനി അധികൃതർ അറിയിച്ചു. 18 വയസിന് മുകളിൽ പ്രായമുള്ളവർക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന ന്യൂട്രിലൈറ്റ് ബയോട്ടിൻ സി പ്ലസ് സമീകൃതാഹാരത്തിന്റെയും ആരോഗ്യകരമായ ജീവിതശൈലിയുടെയും ഭാഗമായി ദിവസവും ഒരു ടാബ്ലെറ്റായി കഴിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ന്യൂട്രിലൈറ്റ് ബയോട്ടിൻ സി പ്ലസ് ഇപ്പോൾ വിതരണക്കാർ/ആംവേ ബിസിനസ്സ് ഉടമകൾ, ഇന്ത്യയിലുടനീളമുള്ള ആംവേ സ്റ്റോറുകൾ എന്നിവയിലൂടെ മാത്രം ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യക്ക് മൂഡീസിന്റെ എസ്ക്യൂഎസ്2 റേറ്റിംഗ്

**മുംബൈ:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ സസ്റ്റൈനബിൾ ഫിനാൻസിംഗ് ഫ്രെയിംവർക്കിന് ആഗോള റേറ്റിംഗ് ഏജൻസിയായ മൂഡീസിന്റെ എസ്ക്യൂഎസ്2 റേറ്റിംഗ് ലഭിച്ചു. മൂഡീസിന്റെ സസ്റ്റൈനബിൾ ക്വാളിറ്റി സ്കോർ സ്കെയിലിലെ രണ്ടാമത്തെ ഉയർന്ന റേറ്റിംഗാണ് എസ്ക്യൂഎസ്2. ബാങ്കിന്റെ സുസ്ഥിര ധനകാര്യ ഇടപാടുകൾക്ക് നൽകുന്ന 'വളരെ മികച്ച ഗുണനിലവാരം' (വെരി ഗുഡ് സസ്റ്റൈനബിലിറ്റി ക്വാളിറ്റി) എന്ന അംഗീകാരമാണിത്.

ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട ഈ റേറ്റിംഗ്, യൂണിയൻ ബാങ്കിന്റെ പ്രവർത്തനങ്ങളിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന നിക്ഷേപകരുടെയും ഓഹരിയുടമകളുടെയും വിശ്വാസം വർധിപ്പിക്കും. പരിസ്ഥിതിക്കും സമൂഹത്തിനും ഗുണകരമാകുന്ന പ്രവർത്തനങ്ങൾ ബാങ്കിന്റെ അടിസ്ഥാന നയങ്ങളിൽ ഉൾപ്പെടുത്തിയതാണ് ഈ നേട്ടത്തിന് പിന്നിലെ പ്രധാന ഘടകം.

സാമൂഹിക പ്രതിബദ്ധതയുള്ള സാമ്പത്തിക സേവനങ്ങൾ നൽകുന്നതിനൊപ്പം ദീർഘകാലാടിസ്ഥാനത്തിൽ പരിസ്ഥിതിക്ക് ഗുണകരമായ പദ്ധതികൾ നടപ്പിലാക്കാനാണ് ബാങ്ക് ലക്ഷ്യമിടുന്നത്.



## ഗ്രീൻ സെൽ മൊബിലിറ്റി 800 കോടി മൂലധനം സമാഹരിച്ചു

**മുംബൈ:** മുൻനിര ഇലക്ട്രിക് ബസ് പ്ലാറ്റ്ഫോമായ ഗ്രീൻ സെൽ മൊബിലിറ്റി വികസന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി അന്താരാഷ്ട്ര ധനകാര്യ സ്ഥാപനമായ ഐഎഫ്സി, ബ്രിട്ടീഷ് ഇന്റർനാഷണൽ ഇൻവെസ്റ്റ്മെന്റ്, ടാറ്റ ക്യാപിറ്റൽ എന്നിവയിൽ നിന്നും 800 കോടി രൂപ(89 മില്യൺ ഡോളർ) സമാഹരിച്ചു. എവർസോഴ്സ് ക്യാപിറ്റലിന്റെ പിന്തുണയോടെ പ്രവർത്തിക്കുന്ന കമ്പനി, നിലവിലുള്ള 1,200 ഇലക്ട്രിക് ബസുകളുടെ ശൃംഖല 3,700 ആയി ഉയർത്താനായിരിക്കും ഈ ഫണ്ട് ഉപയോഗിക്കുന്നത്.

നാഷണൽ ഇബസ് പ്രോഗ്രാം, പിഎം സേവ ഇ-മൊബിലിറ്റി പദ്ധതികൾക്ക് കീഴിൽ ഡൽഹി, മധ്യപ്രദേശ്, ആന്ധ്രാപ്രദേശ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിലും, കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും അനുവദിക്കപ്പെട്ട സർവീസുകൾക്കായിരിക്കും കമ്പനി മുൻഗണന നൽകുന്നത്. വായു മലിനീകരണം കുറയ്ക്കുന്നതിനൊപ്പം ടയർ2, ടയർ3 നഗരങ്ങളിൽ ഉൾപ്പെടെ മികച്ച യാത്രാസൗകര്യം ഒരുക്കാൻ ഈ വിപുലീകരണം സഹായിക്കുമെന്ന് ഗ്രീൻസെൽ മൊബിലിറ്റി അധികൃതർ വ്യക്തമാക്കി.




# പുതിയ ലോഗോ അവതരിപ്പിച്ച് സ്വലെക്റ്റ് സിസ്റ്റംസ് ലിമിറ്റഡ്

**കൊച്ചി:** പുനരുപയോഗ ഊർജ്ജ മേഖലയിലെ പ്രമുഖ സ്ഥാപനമായ സ്വലെക്റ്റ് എനർജി സിസ്റ്റംസ് ലിമിറ്റഡ് (മുൻപ് ന്യൂമെറിക് പവർ സിസ്റ്റംസ് ലിമിറ്റഡ്) പുതിയ ലോഗോയും ആപ്തവാക്യവും അവതരിപ്പിച്ചു.

കമ്പനിയുടെ സുസ്ഥിര വളർച്ചയോടും ഉത്തരവാദിത്തപൂർവ്വമായ പ്രവർത്തനങ്ങളോടുമുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നതാണ് 'പവറിംഗ് ദി വേൾഡ് റെസ്പോൺസിബിലി' എന്ന കമ്പനിയുടെ പുതിയ ആപ്തവാക്യമെന്ന് കമ്പനിയുടെ സ്ഥാപകനും വൈസ് ചെയർമാനുമായ ആർ. ചെല്ലപ്പൻ പറഞ്ഞു. ഇതോടൊപ്പം, വൈദ്യുത സംഭരണ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്ത 'ന്യൂമെർജി' എന്ന ഉത്പന്ന ശ്രേണിയും അവതരിപ്പിച്ചു.

വീടുകളിലും ചെറുകിട സ്ഥാപനങ്ങളിലും ഉപയോഗിക്കാവുന്ന ഒന്നു മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള 'ന്യൂമെർജി ഹോം', ഉയർന്ന വൈദ്യുതി ഉപഭോഗമുള്ള വീടുകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും അനുയോജ്യമായ 5 മുതൽ 20വരെ കിലോവാട്ട് 'ന്യൂമെർജി ഹൈബ്രിഡ്', വ്യാപാരവ്യാവസായിക ആവശ്യങ്ങൾക്കായി മൂന്നു മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള 'ന്യൂമെർജി എച്ച്.പി' എന്നിവയാണ് ഈ ഉത്പന്ന ശ്രേണിയിൽ ഉൾപ്പെടുന്നത്.

സോളാർ, ഊർജ്ജ സംഭരണം, സംയോജിത ഊർജ്ജ പരിഹാരങ്ങൾ എന്നീ മേഖലകളിലെ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് റീബ്രാൻഡിങ് നടത്തിയതെന്ന് ആർ. ചെല്ലപ്പൻ പറഞ്ഞു.




# സിയാലിൽ ഫുൾ ബോഡി സ്കാനറുകൾ പ്രവർത്തിച്ചു തുടങ്ങി

**കൊച്ചി:** യാത്രക്കാരുടെ സുരക്ഷാ പരിശോധന വേഗത്തിലാക്കുക എന്ന ലക്ഷ്യത്തോടെ  കൊച്ചി വിമാനത്താവളത്തിൽ സ്ഥാപിച്ച ഫുൾ ബോഡി സ്കാനറിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങി. സുരക്ഷാ പരിശോധന സമയത്ത് ക്യാബിൻ ബാഗേജുകളുടെ നീക്കം വേഗത്തിലാക്കുന്ന ഓട്ടോമേറ്റഡ് ട്രേ റിട്രീവൽ സിസ്റ്റത്തിന്റെ ഉദ്ഘാടനവും നടന്നു. ആഭ്യന്തര ടെർമിനലിലെ സെക്യൂരിറ്റി ചെക്ക് ഏരിയയിൽ നടന്ന ചടങ്ങിൽ, സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് ഫുൾ ബോഡി സ്കാനർ ഉദ്ഘാടനം ചെയ്തു. എയർപോർട്ട് ഡയറക്ടർ ജി. മനു, ചീഫ് ടെക്നോളജി ഓഫീസർ എസ്. സന്തോഷ്, ചീഫ് എയ്റോഡ്രോം സെക്യൂരിറ്റി ഓഫീസർ നാഗേന്ദ്ര ദേവ്റാരി, സിയാലിലെ വിവിധ വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്തു. പരിശോധനയ്ക്കായി നിലവിൽ 32 ഡി.എഫ്.എം.ഡി പോയിന്റുകളാണ് ഇരു ടെർമിനലുകളിലുമായി ഉള്ളത്. ഇതിൽ കൂടി കടന്നു വരുന്ന യാത്രക്കാരെ തുടർന്ന് ദേഹപരിശോധനയ്ക്ക് വിധേയമാക്കുന്നു. ഫുൾ ബോഡി സ്കാനറുകൾ പൂർണമായും പ്രവർത്തിച്ചു തുടങ്ങുന്നതോടെ സുരക്ഷാ ഉദ്യോഗസ്ഥർ നടത്തുന്ന ദേഹപരിശോധന ഒഴിവാക്കാനാകും. നിലവിൽ രണ്ട് ടെർമിനലുകളിലും ഓരോ ഫുൾ ബോഡി സ്കാനറുകളാണ് സ്ഥാപിച്ചിട്ടുള്ളത്, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടെ അനുമതി ലഭിക്കുന്നതോടെ മുഴുവൻ പോയിന്റുകളിലും ഫുൾ ബോഡി സ്കാനറുകൾ സ്ഥാപിക്കും.

## ജോട്ടാഷീൽഡ് എറ്റേണ പുറത്തിറക്കി

**കൊച്ചി:** അത്യാധുനികമായ 'സെൽഫ് ക്ലീനിംഗ്' സാങ്കേതികവിദ്യയുമായി പ്രീമിയം എക്സ്റ്റീരിയർ പെയിന്റ് രംഗത്തെ പുതിയ വിസ്മയം' ജോട്ടാഷീൽഡ് എറ്റേണ' ജോട്ടൂൺ  പെയിന്റ്സ് ഇന്ത്യ വിപണിയിലിറക്കി. ഇന്ത്യയിലെ കഠിനമായ കാലാവസ്ഥയെ പ്രതിരോധിക്കാൻ തക്കവിധം പ്രാദേശിക ഗവേഷണ വിഭാഗം വികസിപ്പിച്ചെടുത്ത ഈ പെയിന്റ്, ചുവരുകളിൽ പൊടിപടലങ്ങൾ പിടിക്കുന്നത് തടയുകയും മഴവെള്ളത്തിൽ അഴുക്കുകൾ സ്വയം കഴുകിക്കളയുകയും ചെയ്യുന്നുവെന്ന് ജോട്ടൂൺ ഇന്ത്യ മാനേജിംഗ് ഡയറക്ടർ ശശി കുമാർ വേണുഗോപാൽ പറഞ്ഞു. 12 വർഷത്തെ പെർഫോമൻസ് വാറന്റിയും 21 അന്താരാഷ്ട്ര ഗുണനിലവാര സർട്ടിഫിക്കറ്റുകളുമുള്ള ഈ ഉൽപ്പന്നം 500ലധികം നിറങ്ങളിൽ ലഭ്യമാണ്. 'ജോട്ടൂൺ ഇന്ത്യയുടെ ആഗോള വൈദഗ്ധ്യവും പ്രാദേശികമായ അറിവുകളും സമന്വയിപ്പിച്ച് ദീർഘകാലം നിലനിൽക്കുന്ന ഒരു പെയിന്റാണ് ഇതിലൂടെ വികസിപ്പിച്ചിരിക്കുന്നത്. ഇത് ഉപഭോക്താക്കൾക്ക് വർഷങ്ങളോളം നിറം മങ്ങാത്ത, അഴുക്കിനെ പ്രതിരോധിക്കുന്ന ചുവരുകൾ ഉറപ്പുനൽകുന്നുവെന്നും ശശി കുമാർ വേണുഗോപാൽ പറഞ്ഞു

## സെക്ടർ ലീഡേഴ്സ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:**  ആക്സിസ് മ്യൂചൽ ഫണ്ടിന്റെ ഓപ്പൺ എൻഡഡ് ഇൻഡക്സ് ഫണ്ടായ ആക്സിസ് ബിഎസ്ഇ ഇന്ത്യ സെക്ടർ ലീഡേഴ്സ് ഇൻഡസ്ക് ഫണ്ട് അവതരിപ്പിച്ചു. ന്യൂ ഫണ്ട് ഓഫർ ജനുവരി 23 മുതൽ ഫെബ്രുവരി 6 വരെ നടത്തും.

ബിഎസ്ഇ ഇന്ത്യ സെക്ടർ ലീഡേഴ്സ് സൂചികയിലുള്ള കമ്പനികളിലാവും പദ്ധതിയുടെ നിക്ഷേപം. 100 രൂപയാണ് കുറഞ്ഞ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാം. ബിഎസ്ഇ 500 സൂചികയിലുള്ള 21 മേഖലകളിലെ വിപുലമായ നിക്ഷേപ സാധ്യതകളാണ് ഈ പദ്ധതി തുറന്നു നൽകുന്നത്. ഈ 21 മേഖലകളിലെ ഏറ്റവും മികച്ച മൂന്നു കമ്പനികളെയാവും ഇതിനായി തെരഞ്ഞെടുക്കുക. ആറു മാസത്തെ ശരാശരി വിപണി മൂല്യം കണക്കാക്കിയാവും  ഈ തെരഞ്ഞെടുപ്പു നടത്തുക. നിക്ഷേപകർ നവീനമായ നിക്ഷേപ മാർഗങ്ങളാണ് ഇപ്പോൾ തേടുന്നത് തങ്ങളുടെ മേഖലകളിലെ ആശ്രയിക്കാവുന്ന കമ്പനികളെ പ്രയോജനപ്പെടുത്താൻ  ഇതു വഴിയൊരുക്കുമെന്നും ആസ്കിസ് എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ബി ഗോപകുമാർ പറഞ്ഞു.

## അക്വാമീറ്റ്2026: സംസ്ഥാനതല ഉദ്ഘാടനം നാളെ

**കൊച്ചി:** കേരളത്തിലെ ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ രൂപീകരിച്ച ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള സംഘടിപ്പിക്കുന്ന 'അക്വാമീറ്റ് 2026' ജനുവരി 24 ന് കൊച്ചിയിൽ നടക്കും.എറണാകുളം ബോൾഗാട്ടി പാലസിൽ രാവിലെ 9:30 ന്  മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും. മന്ത്രി പി. രാജീവ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഹൈബി ഈഡൻ എം.പി, കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. ചെമ്മീൻ കൃഷി മേഖലയിൽ സുസ്ഥിരമായ ഒരു മാതൃക രൂപപ്പെടുത്തുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് അഡാക്കിന്റെ നേതൃത്വത്തിൽ സംഗമം സംഘടിപ്പിക്കുന്നത്.

## കൊച്ചി മാരത്തൺ: ടി ഷർട്ട് പുറത്തിറക്കി




**കൊച്ചി:** 'മൂവ് വിത്ത് പർപ്പസ്' എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന നാലാമത് ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിന്റെ ഔദ്യോഗിക ടിഷർട്ട് പ്രകാശനം ചെയ്തു. കൊച്ചിയിൽ നടന്ന ചടങ്ങിൽ ഹൈബി ഈഡൻ എം.പി ടിഷർട്ട് പ്രകാശന കർമ്മം നിർവ്വഹിച്ചു. മാരത്തൺ ഗുഡ്‌വിൽ അംബാസഡർ പ്രാചി തെഹ്ലാൻ, സിനിമാ താരം അനന്യ എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായിരുന്നു. ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റുമാരായ ജോസ്മോൻ പി. ഡേവിഡ്, ബിനു തോമസ്, കെ.എം.ആർ.എൽ പ്രോജക്ട് ഡയറക്ടർ ഡോ. എം.പി രാംനവാസ്, ഫെഡറൽ ബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് എസ്.രാധാകൃഷ്ണൻ, മാരത്തൺ റേസ് ഡയറക്ടർ ആനന്ദ് മെനേസസ്, ആസ്റ്റർ മെഡിസിറ്റി മാർക്കറ്റിംഗ് ഹെഡ് മുഹമ്മദ് റിഷാൽ, കൊച്ചി മാരിയറ്റ് ഹോട്ടൽ ജനറൽ മാനേജർ സച്ചിൻ മൽഹോത്ര, ടൈഗർ ബാം ഡെപ്യൂട്ടി റീജിയണൽ മാനേജർ വി. സുബ്രഹ്മണ്യൻ, ഇഞ്ചിയോൺ കിയ മാർക്കറ്റിംഗ് ഹെഡ് ഓസ്വിൻ ഡേവിഡ്, നോ സീക്രട്ട്സ് സഹസ്ഥാപകരായ നോയൽ പ്രിൻസ്, ജിജു ലാൽ ചാലിയത്ത്, ക്ലിയോ സ്പോർട്സ് ഡയറക്ടർമാരായ അനീഷ് പോൾ, ബൈജു പോൾ, ശബരി നായർ, എം.ആർ.കെ  ജയറാം എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# പ്രകൃതിവാതക ഉപഭോഗത്തിന് പ്രോത്സാഹനം; ക്യാമ്പയിന് തുടക്കമിട്ട് ബിപിസിഎൽ

**കൊച്ചി:** രാജ്യത്തുടനീളം പ്രകൃതിവാതക ഊർജ ഉപഭോഗം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) ആരംഭിച്ച പ്രചാരണ ക്യാമ്പയിന്റെ ഭാഗമായി ടെലിവിഷൻ പരസ്യ ചിത്രങ്ങൾക്ക് തുടക്കമായി. നടനും പാർലമെന്റ് അംഗവുമായ രവി കിഷൻ, അഭിനേത്രി സാക്ഷി തൻവാർ എന്നിവരാണ് പരസ്യചിത്രത്തിൽ അഭിനയിക്കുന്നത്. 'പിഎൻജി 2.0' എന്ന പേരിൽ തുടക്കമിട്ട ക്യാമ്പയിനിലൂടെ പൈപ്പ്ഡ് നാചുറൽ ഗ്യാസ് (പിഎൻജി), കംപ്രസ്ഡ് നാചുറൽ ഗ്യാസ് (സിഎൻജി) എന്നിവയുടെ പ്രാധാന്യം ജനങ്ങളെ ബോധവൽക്കരിക്കുകയാണ് ലക്ഷ്യമിടുന്നത്. പെട്രോളിയം ആൻഡ് നാചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ നിർദേശപ്രകാരം നഗര ഗ്യാസ് വിതരണ വ്യവസായ മേഖലയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ക്യാംപെയിനിലൂടെ പ്രകൃതിവാതക ഊർജത്തിന്റെ സുരക്ഷ, ഉപയോഗക്ഷമത, പാരിസ്ഥിതിക നേട്ടങ്ങൾ എന്നിവ ജനങ്ങളെ ബോധവൽക്കരിക്കും. മാർച്ച് 31 വരെയാണ് പ്രചാരണ ക്യാമ്പയിൻ നടത്തുന്നത്. രാജ്യപുരോഗതിയിലേക്കും ജനങ്ങളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കും നടത്തുന്ന സുപ്രധാന ചുവടുവെപ്പാണ് പിഎൻജി 2.0 ക്യാമ്പയിനെന്ന് ബിപിസിഎൽ മാർക്കറ്റിംഗ് വിഭാഗം ഡയറക്ടർ ശുഭാങ്കർ സെൻ പറഞ്ഞു. അടുക്കള മുതൽ വാഹനങ്ങൾ വരെ എല്ലായിടത്തും പ്രകൃതിവാതകം ഉപയോഗപ്പെടുത്തണം. കാർബൺ ബഹിർഗമനം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നതിനോടൊപ്പം പ്രകൃതിവാതക ഇന്ധനം അധിഷ്ഠിധപ്പെടുത്തിയുള്ള സമ്പദ്ഘടന യാഥാർഥ്യമാക്കുന്നതിനും സഹായിക്കുന്നതാണ് പ്രചാരണ ക്യാമ്പയിനെന്നും ശുഭാങ്കർ സെൻ അഭിപ്രായപ്പെട്ടു.

# ബാങ്ക് ഓഫ് ഇന്ത്യയുടെ പ്രവർത്തനലാഭത്തിൽ 13% വളർച്ച

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തെ മൂന്നാം പാദത്തിൽ 4193 കോടി രൂപ പ്രവർത്തനലാഭം രേഖപ്പെടുത്തി ബാങ്ക് ഓഫ് ഇന്ത്യ. മുൻവർഷത്തെ സമാനപാദത്തെ അപേക്ഷിച്ച് 13 ശതമാനമാണ് വളർച്ച. ഇതോടെ 2025-26 വർഷത്തെ ആദ്യ 9 മാസങ്ങളിൽ 12,023 കോടി രൂപയാണ് പ്രവർത്തനലാഭമായി ബാങ്ക് നേടിയത്. അറ്റാദായത്തിൽ 7 ശതമാനം വർധനവോടെ 2705 കോടി രൂപ രേഖപ്പെടുത്തി. മൂന്ന് പദങ്ങളിലുമായി ആകെ 7511 കോടി രൂപയാണ് അറ്റാദായം. ബാങ്കിന്റെ ആസ്തി വരുമാനത്തിൽ 0.96 ശതമാനവും ഓഹരി വരുമാനത്തിൽ 15.34 ശതമാനവുമാണ് വളർച്ച. ആഭ്യന്തര വായ്പാ മേഖല 15.16 ശതമാനത്തിന്റെയും ആഗോള വായ്പാ മേഖല 13.63 ശതമാനത്തിന്റെയും വാർഷിക വളർച്ച നേടി. ബാങ്കിന്റെ ആകെ ബിസിനസ് മൂല്യം 16 ലക്ഷം കോടി രൂപയായി. റീട്ടെയ്ൽ വായ്പ, കാർഷിക വായ്പ, ചെറുകിട സംരംഭ വായ്പ, കോർപ്പറേറ്റ് വായ്പ എന്നിവയിലും വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. അറ്റ പലിശ വരുമാനം 6461 കോടി രൂപയായി ഉയർന്നു. പലിശേതര വരുമാനം 6665 കോടി രൂപയും രേഖപ്പെടുത്തി. ബാങ്കിന്റെ മൂലധന പര്യാപ്തത അനുപാതം 17.09 ശതമാനമാണ്. ഡിജിറ്റൽ പ്ലാറ്റ്ഫോം ഉൾപ്പടെ മൊത്തം 7 ലക്ഷത്തിലധികം പുതിയ ഇടപാടുകാരെയാണ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് മൂന്നാം പാദത്തിൽ നേടാനായത്. സമാനപാദത്തിൽ 242 ലക്ഷത്തിലധികം യുപിഐ ഇടപാടുകൾ പൂർത്തീകരിച്ചതായും ബാങ്ക് അറിയിച്ചു.



# മിൽമ ഉത്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിലേക്ക്; ധാരണാപത്രം ഒപ്പിട്ട് മിൽമ

**കൊച്ചി:** മിൽമയുടെ ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കെ.സി.എം.എം.എഫ് മിൽമയും ഫുഡ്‌ലിങ്ക്സ് ഫുഡ് ആൻഡ് ബിവറേജ് സൊല്യൂഷൻസും ധാരണാപത്രം ഒപ്പുവെച്ചു. എറണാകുളം ഇടപ്പള്ളിയിലെ മിൽമ ഓഫീസിൽ നടന്ന ചടങ്ങിൽ മിൽമ ചെയർമാൻ കെ.എസ്. മണിയുടെ സാന്നിധ്യത്തിൽ മിൽമ മാനേജിംഗ് ഡയറക്ടർ ആസിഫ് കെ. യൂസഫും ഫുഡ്‌ലിങ്ക്സ് പാർട്ണർ മുഹമ്മദ് ഷിബുവും ധാരണാപത്രത്തിൽ ഒപ്പുവെച്ചു. ധാരണാപത്രം പ്രകാരം സൗദി അറേബ്യ, യുണൈറ്റഡ് അറബ് എമിറേറ്റ്സ്, ബഹ്റൈൻ, ഒമാൻ എന്നീ രാജ്യങ്ങളിലേക്ക് പ്രീമിയം മിൽമ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാനുള്ള അവകാശം ഫുഡ്‌ലിങ്ക്സിന് ലഭിക്കും. പ്രതിമാസം 20 ടൺ മിൽമ നെയ്യ് ഈ നാല് രാജ്യങ്ങളിലായി വിതരണം ചെയ്യാനായി വാങ്ങണമെന്ന് കരാർ നിഷ്കർഷിക്കുന്നു. ഇതിനു പുറമെ ഓരോ രാജ്യത്തും പ്രതിമാസം അഞ്ച് ലക്ഷം രൂപയുടെ മറ്റ് മിൽമ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള നിബന്ധനയും കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദേശ വിപണിയിൽ മിൽമയുടെ ബ്രാൻഡ് മൂല്യം വർധിപ്പിക്കാനും വിപണി വിപുലീകരിക്കാനും ഈ പുതിയ സഹകരണം വഴിതുറക്കുമെന്ന് മിൽമ ചെയർമാൻ കെ എസ് മണി അറിയിച്ചു. ലുലു ഗ്രൂപ്പിന് പുറമെ മിൽമയുടെ ഉത്പന്നങ്ങൾ നിലവിൽ ഗൾഫ് രാജ്യങ്ങളിൽ ചെറിയതോതിൽ വിതരണം ചെയ്യുന്ന ഡീലർമാരുണ്ട്. അവരുടെ പ്രവർത്തനത്തെ അലോസരപ്പെടുത്താത്ത വിധത്തിലായിരിക്കും ഈ സഹകരണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ധാരണാപത്ര പ്രകാരം നിശ്ചിത ഗുണനിലവാരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് നൽകുക എന്നത് മിൽമയുടെ ഉത്തരവാദിത്തമായിരിക്കും. ആലപ്പുഴ പുന്നപ്രയിലുള്ള സെൻട്രൽ പ്രൊഡക്ട്സ് ഡയറിയിൽ നിന്നാണ് ഉൽപ്പന്നങ്ങൾ കയറ്റുമതിക്കായി കൈമാറുന്നത്. വിദേശ രാജ്യങ്ങളിലെ വിതരണത്തിനാവശ്യമായ ലോജിസ്റ്റിക്സ്, കസ്റ്റംസ് ക്ലിയറൻസ്, അതത് രാജ്യങ്ങളിലെ നിയമപരമായ അനുമതികൾ എന്നിവയെല്ലാം ഫുഡ്‌ലിങ്ക്സ് നേരിട്ട് നിർവഹിക്കണം. ഉൽപ്പന്നങ്ങൾ കൈമാറുന്നതിന് മുമ്പായി മുഴുവൻ തുകയും മുൻകൂറായി മിൽമയ്ക്ക് നൽകണമെന്നും കരാറിൽ വ്യവസ്ഥയുണ്ട്. തുടക്കത്തിൽ ഒരു വർഷത്തേക്കാണ് കരാറെങ്കിലും പ്രവർത്തനക്ഷമതയും വിൽപന ലക്ഷ്യങ്ങളും വിലയിരുത്തി ഇത് രണ്ട് വർഷം വരെ നീട്ടാവുന്നതാണ്. മിൽമ പർച്ചെയ്സ് മാനേജർ ശ്രീകുമാർ ടി, മിൽമ ആലപ്പുഴ യൂണിറ്റ് ഹെഡ് ശ്യാമ കൃഷ്ണൻ, മാർക്കറ്റിംഗ് ഓഫീസർ സജിന ടികെ, മിൽമ മാർക്കറ്റിംഗ് ആൻഡ് ക്യു സി മാനേജർ മുരുകൻ വി എസ്, ഫുഡ് ലിങ്ക്സ് ഡയറക്ടർമാരായ സുബിൻ മക്കാർ, ഫഹീം പുതുശേരി, മിൽമ ബിഡിഎം ബിബിൻ ടി ആഞ്ചലോസ് തുടങ്ങിയവർ സംബന്ധിച്ചു.

